കേരളകൗമുദി
09
06 ജൂൺ 2026 ശനി
പാലക്കാട്

നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudidaily



വിദ്യാർത്ഥികൾക്ക് കണ്ണമ്പ്ര ആരോഗ്യ ഗ്രാമപ്രകല്പം ട്രസ്റ്റ് ഭാരവാഹികൾ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു.

പരിസ്ഥിതി ദിനാഘോഷം

കണ്ണമ്പ്ര: ഋഷിനാരദമംഗലം എ.എൽ.പി സ്കൂളിൽ പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് കണ്ണമ്പ്ര ആരോഗ്യ ഗ്രാമപ്രകല്പം ട്രസ്റ്റ് ഭാരവാഹികൾ വൃക്ഷത്തൈകൾ വിതരണം ചെയ്തു. സ്കൂൾ പ്രധാന അദ്ധ്യാപകൻ സ്വരൂപ് കെ.നാഥ് വൃക്ഷത്തൈ വിതരണം ഉദ്ഘാടനം ചെയ്തു. ട്രസ്റ്റ് പ്രസിഡന്റ് ബി.സുരേഷ്, സെക്രട്ടറി ഭുവനദാസ്, ട്രഷറർ ജീവാനന്ദൻ, ട്രസ്റ്റ് മെമ്പർമാരായ കെ.ആർ.രാജു, ചാത്തുണ്ണി, ലിനി എന്നിവർ പങ്കെടുത്തു.



ലോക പരിസ്ഥിതി ദിനത്തിൽ മികച്ച ജൈവകർഷകനും ബിർസ മുണ്ട പുരസ്കാര ജേതാവുമായ നഞ്ചൻ മണ്ണക്കാരനെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആർ. ഷീജ ആദരിക്കുന്നു.

ലോക പരിസ്ഥിതി ദിനം ആചരിച്ചു

അഗളി: അട്ടപ്പാടി ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ലോക പരിസ്ഥിതിദിനം ആചരിച്ചു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആർ.ഷീജ അഞ്ചാം ക്ലാസ് വിദ്യാർത്ഥി സി.പ്രവീണയ്ക്ക് വൃക്ഷത്തൈ നൽകി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രഥമാദ്ധ്യാപിക പി.എം. ഷാജിമോൾ അദ്ധ്യക്ഷയായി. സ്കൂൾ സീനിയർ സൂപ്രണ്ട് വി.സുരേഷ്കുമാർ പരിസ്ഥിതിദിന സന്ദേശം നൽകി. ഈ വർഷത്തെ ബിർസ മുണ്ട പുരസ്കാരം, മികച്ച ജൈവകർഷകൻ തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയ അട്ടപ്പാടി എം.ആർ.എസ് പി.ടി.എ പ്രസിഡന്റ് കൂടിയായ നഞ്ചൻ മണ്ണക്കാരനെ ആദരിച്ചു. വിദ്യാർത്ഥി കെ.എം.പാർവണ പ്രകാശ് പരിസ്ഥിതി ദിന പ്രതിജ്ഞ വിദ്യാർത്ഥികൾക്ക് ചൊല്ലി കൊടുത്തു. സ്കൂൾ അങ്കണത്തിൽ വൃക്ഷ തൈ നടീലും നടന്നു. സീനിയർ അസിസ്റ്റന്റ് കെ.എം.സുനിത സ്വാഗതം പറഞ്ഞു. രാജീവ്, സജിത, കെ.ജിത്തു, രസ്ന, അജീറ്റ, പി.ശ്രീജിത്ത്, അനപ്രിയ, കെ.എം.പാർവണ എന്നിവർ പങ്കെടുത്തു.

ഈ വർഷം വിദ്യാർത്ഥികൾക്കുള്ള കൺസഷൻ കാർഡ് പിങ്ക് നിറത്തിൽ



പാലക്കാട്: പുതിയ അദ്ധ്യയനവർഷം വിദ്യാർത്ഥികൾക്ക് പിങ്ക് നിറത്തിൽ കൺസഷൻ കാർഡുകൾ സൗജന്യമായി ആർ.ടി ഓഫീസുകളിൽ നിന്ന് വിതരണം ചെയ്യും.

ജില്ലാ സ്റ്റുഡൻസ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗത്തിലാണ് തീരുമാനം. എം.വി.ഡി ലീഡ്സ് ആപ്പ് പൂർമായി സജ്ജമാകാത്തതിനാൽ ഈ വർഷം കൺസഷൻ കാർഡുകൾ തന്നെ വിതരണം ചെയ്യും എന്ന് പാലക്കാട് ആർ.ടി.ഒ സി.യു.മുജീബ് അറിയിച്ചു.

സർക്കാർ -എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേധാവികൾ മോട്ടോർ വാഹന വകുപ്പ് ഓഫീസിൽ നിന്നും ആവശ്യമുള്ള കൺസഷൻ കാർഡുകൾ നിശ്ചിത ഫോർമാറ്റിൽ അപേക്ഷകൾ നൽകി സ്വന്തമാക്കണം.

അതാത് സ്ഥാപന മേധാവികൾ കൺസഷൻ കാർഡിൽ ഒപ്പുവച്ചാൽ മതിയാകും. എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികളും കൺസഷൻ കാർഡുകൾ 30ന് മുമ്പ് തന്നെ മോട്ടോർവാഹന ഓഫീസുകളിൽ നിന്നും വാങ്ങണം.

കൺസഷൻ കാർഡ് ലഭിക്കുന്നതിനായി

- മോട്ടോർവാഹന വകുപ്പ് ഓഫീസുകളിൽ അവരുടെ ഓരോ കോഴ്സിന്റെയും യൂണിവേഴ്സിറ്റികൾ അനുവദിച്ച അഫിലിയേഷൻ സർട്ടിഫിക്കറ്റും, കോഴ്സുകൾക്ക് പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം കാണിക്കുന്ന രേഖകളും സഹിതം നിശ്ചിത ഫോർമാറ്റിൽ അപേക്ഷ നൽകണം.
- അനുവദിക്കുന്ന കൺസഷൻ കാർഡുകൾ പൂരിപ്പിച്ചതിനു ശേഷം കൗണ്ടർ സൈൻ ചെയ്യുന്നതിനുവേണ്ടി മോട്ടോർ വാഹന വകുപ്പിൽ ഹാജരാക്കി ജോയിന്റ് ആർ.ടി.ഒമാരുടെ ഒപ്പ് വാങ്ങണം.
- പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ ഒപ്പും സീലും പതിപ്പിച്ച തിരിച്ചറിയൽ കാർഡുകൾ ഉപയോഗിക്കാം.
- പ്രൈവറ്റായി രജിസ്റ്റർ ചെയ്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ യൂണിവേഴ്സിറ്റികൾ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, ആവശ്യമായ വിവരങ്ങളും നിശ്ചിത ഫോർമാറ്റിൽ നൽകിയാൽ ഗവ. ഉത്തരവുകൾക്ക് അനുസൃതമായി മാത്രമേ കൺസഷൻ കാർഡുകൾ അനുവദിക്കുകയുള്ളൂ.

ശാലിനി മുരളിയുടെ കാവ്യസമാഹാരം പ്രകാശനം ചെയ്തു



ശാലിനി മുരളിയുടെ കാവ്യസമാഹാരം 'ഇത് എന്റെ രണ്ടാം പ്രണയകാലം' കവി വിനോദ് വൈശാഖി, ബിജുമോൻ പന്തിരുകുലത്തിന് നൽകി പ്രകാശനം ചെയ്യുന്നു.

ഒറ്റപ്പാലം: സാഹിത്യകാരി ശാലിനി മുരളിയുടെ കാവ്യസമാഹാരമായ 'ഇത് എന്റെ രണ്ടാം പ്രണയകാലം' സാംസ്കാരിക പ്രവർത്തകൻ ബിജുമോൻ പന്തിരുകുലത്തിന് നൽകി കവി വിനോദ് വൈശാഖി പ്രകാശനം ചെയ്തു.

സൗമിനി സത്യൻ അദ്ധ്യക്ഷയായി. ചെർപ്പുളശേരി നഗരസഭാ സ്ഥിരം സമിതി ചെയർപേഴ്സൺ ശ്രീലജ വാഴക്കുന്നത്ത്, ഡോ. കെ. അജിത് മാരായമംഗലം, ഗോപൻ എഴക്കാട്, കെ.ഐശ്വര്യ, കെ. സത്യനാരായണൻ, ധന്യ പൂലാക്കാട്, സരള മധുസൂദനൻ, രാജൻ മുളയങ്കാവ്, ടി.പി.ഹരിദാസൻ, കെ.എൻ. കുട്ടി, മണികണ്ഠൻ കൊളത്തൂർ, എം.മനോഹരൻ, കലാമണ്ഡലം ശിവരാമൻ എന്നിവർ സംസാരിച്ചു.

ജീവഥ ട്രസ്റ്റ് പഠനോപകരണം നൽകി



കാരക്കാട് ജീവഥ ട്രസ്റ്റ് നടത്തിയ പഠനോപകരണ വിതരണം നഗരസഭ ചെയർപേഴ്സൺ പി. നിർമ്മല ഉദ്ഘാടനം ചെയ്യുന്നു.

ഷൊർണൂർ: കാരക്കാട് ജീവഥ ട്രസ്റ്റിന്റെ 'ഉണർവ്' പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. നഗരസഭ ചെയർപേഴ്സൺ അഡ്വ. പി.നിർമ്മല ഉദ്ഘാടനം ചെയ്തു. കൗൺസിലർ സി.കെ. സൗമ്യ അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റ് ചെയർപേഴ്സൺ കെ.വി.സംയുക്ത, സംഗീത ശിവദാസ് എന്നിവർ സംസാരിച്ചു.

അദ്ധ്യാപക ഒഴിവ്

ആലത്തൂർ: ആലത്തൂർ ഗവ:ഗേൾസ് ഹൈസ്കൂളിൽ താഴെ പറയുന്ന അദ്ധ്യാപക തസ്തികകളിലെ താൽക്കാലിക ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 12 ന് രാവിലെ 11 മണിക്ക് ഹിന്ദി ജൂനിയർ എൽ.ജി (യു.പി), അറബിക് ജൂനിയർ എൽ.ജി യു.പി എന്നീ തസ്തികകളിലേക്ക് ഇന്റർവ്യൂ നടത്തുന്നു. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ ഓഫീസിൽ ഹാജരാകേണ്ടതാണ്.

ജോലി ഒഴിവ്

പട്ടാമ്പി: 2026-27 അദ്ധ്യയന വർഷത്തെ ഹയർസെക്കൻഡറി വിഭാഗത്തിൽ അറബിക് ജൂനിയർ, ബോട്ടണി ജൂനിയർ, കെമിസ്ട്രി ജൂനിയർ എന്നീ അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക ഒഴിവുകളുണ്ട്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ 9 ന് കാലത്ത് 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹയർ സെക്കൻഡറി ഓഫീസിൽ ഹാജരാകേണ്ടതാണ്.

KERALA LIVESTOCK DEVELOPMENT BOARD LTD.
(A Govt. of Kerala Undertaking)
Gokulam, Pattom P.O., Thiruvananthapuram - 695004, Ph: 0471-2440920, 2449138

No.CE/6087/2026 **NOTICE INVITING e- TENDERS** Date: 05/06/2026

KLD Board invites e-Tender in a Single Bid System for Civil work at Dhoni, Palakkad. For further details log on to **www.livestock.kerala.gov. in.** Date and time for issue of Tender Document Online: **06.06.2026, 11.00 AM,** Last date and time for submission of tender online: **26.06.2026, 05.00 PM.** (For further details please see the instructions to the bidders under the website **www.etenders.kerala.gov.in**).

Sd/-, Managing Director i/c

AXIS BANK | ആക്സിസ് ബാങ്ക് ലിമിറ്റഡ്

റീട്ടെയ്ൽ ലെൻഡിംഗ് ആൻഡ് പെയ്മെന്റ് ഗ്രൂപ്പ് (സൗത്ത് സോണൽ ഓഫീസ്/ശാഖ): ആക്സിസ് ബാങ്ക് ലിമിറ്റഡ്, RAC 5-ാംനില, ചിക്കാഗോ പ്ലാസ, രാജാജി റോഡ്, കൊച്ചി-682035, ആക്സിസ് ബാങ്ക് ലിമിറ്റഡ്, 3-ാം നില, ഗിഗാപ്ലെക്സ്, NPC- 1, TTC ഇൻഡസ്ട്രിയൽ ഏരിയ, മുഗൾസൻ റോഡ്, ഐറോളി, നവി മുംബൈ-400 708. രജിസ്റ്റർ ചെയ്ത ഓഫീസ്: "ത്രിശൂൽ", 3-ാം നില, സമർത്ഥേശ്വർ ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡൻ, എല്ലിസ്ബ്രിഡ്ജ്, അഹമ്മദാബാദ്-380006.

സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) & 9(1) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്.

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ആക്സിസ് ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷമായി കൈവശമെടുത്തിട്ടുള്ളതാണെന്നും വായ്പക്കാരെ/ജാമ്യക്കാരെ/പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. താഴെ കൊടുത്തിരിക്കുന്ന വായ്പക്കാരിൽ നിന്നും ആക്സിസ് ബാങ്കിന് ലഭിക്കാനുള്ള താഴെ കൊടുത്തിരിക്കുന്ന കുടിശ്ശിക തുകയും പലിശയും മറ്റു ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തീയതിയിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരുതൽ വില, നിരതദ്രവ്യ തുക എന്നിവ താഴെ വിവരിച്ചിരിക്കുന്നു.

1 വായ്പക്കാർ/ജാമ്യക്കാരുടെ പേര്: **ശ്രീ. സണ്ണി & ശ്രീമതി. സോഫിയ** (ലോൺ റഫറൻസ് നം.: 695542/527058)

30.05.2026 ലെ കുടിശ്ശിക തുക: **രൂപ 79,83,255/- (എഴുപത്തി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി ഇരുന്നൂറ്റി അൻപത്തിയഞ്ച് രൂപ)** യും 31.05.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും

പട്ടിക വസ്തു: ചെർപ്പുളശ്ശേരി സബ് രജിസ്ട്രാർ ആഫീസിലെ 3639/2015-ാം നമ്പർ വിലയാധാര പ്രകാരം പാലക്കാട് ജില്ലയിൽ, ചെർപ്പുളശ്ശേരി ഉപ ജില്ലയിൽ, ഒറ്റപ്പാലം താലൂക്കിൽ, ചെർപ്പുളശ്ശേരി വില്ലേജിൽ, ശ്രീമതി.സോഫിയ, W/o. ബിനു എന്നവരുടെ പേരിലുള്ള റീ സർവേ ബ്ലോക്ക് നം.42, പഴയ സർവ്വേ നം.104/6 & 104/7, റീ സർവേ നം. 101/3 ൽ പെട്ട 7.00 ആർസ് (17.30 സെന്റ്) സ്ഥലവും അതിലിരിപ്പ് വീടും (നം.11/53) മുഴുവൻ ചമയങ്ങളും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ (3639/2015-ാം നമ്പർ വിലയാധാര പ്രകാരം)**: **കിഴക്ക്**: ഇടവഴി ; **പടിഞ്ഞാറ്**: മുണ്ടക്കൽ പള്ളിയാലിൽ ഉണ്ണികൃഷ്ണൻ വക വസ്തു, **വടക്ക്**: ഇടവഴി, **തെക്ക്**: പഞ്ചായത്ത് റോഡ് **(അറിവിലുള്ള ബാദ്ധ്യതകൾ: ബാദ്ധ്യതയില്ല)**

കരുതൽ വില: രൂപ **35,96,500/-** | നിരതദ്രവ്യ തുക: രൂപ **3,59,650/-**

ലേല വർദ്ധന തുക: രൂപ **10,000/-** | അംഗീകൃത ഉദ്യോഗസ്ഥർ: ശ്രീ. സുധാകർ എ, Ph: 9176662617 ശ്രീ. ഷിബിൻ.പി - Ph: 9400116927

ഇ-ലേല തീയതിയും സമയവും സ്ഥലവും: **16-07-2026** ന് രാവിലെ **11.00** നും ഉച്ചയ്ക്ക് **12.00** നും ഇടയിൽ **(https://axisbank.auctiontiger.net)** എന്ന വെബ് പോർട്ടൽ വഴി (5 മിനിട്ട് പരിധിയില്ലാത്ത നീട്ടൽ)

നിരതദ്രവ്യം സഹിതമുള്ള ബിഡുകൾ / ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി, സമയം, സ്ഥലം: 15.07.2026 ന് വൈകുന്നേരം 5.00 മണി വരെ

ആക്സിസ് ബാങ്ക് ലിമിറ്റഡ്, AC 5-ാംനില, ചിക്കാഗോ പ്ലാസ, രാജാജി റോഡ്, കൊച്ചി-682035 എന്ന വിലാസത്തിൽ മുകളിൽ കൊടുത്തിരിക്കുന്ന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ.

നിരതദ്രവ്യം അടക്കേണ്ട രീതി: ആക്സിസ് ബാങ്ക് ലിമിറ്റഡ്, എറണാകുളത്തിന്റെ പേരിൽ DD/PO മുഖേന അടക്കേണ്ടതാണ്.

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി സെക്യൂർഡ് ക്രെഡിറ്ററുടെ **https://www.axisbank.com/auction-retail** എന്ന വെബ്സൈറ്റ്, സർവീസ് പ്രൊവൈഡറായ **M/s. e-Procurement Technologies Ltd** ന്റെ വെബ് പോർട്ടലായ **https://axisbank.auctiontiger.net** എന്നിവ സന്ദർശിക്കുക.
ബാങ്കിന്റെ അംഗീകൃത സേവന ദാതാവായ **M/s. e-Procurement Technologies Ltd** ന്റെ **https://axisbank.auctiontiger.net** എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായാണ് ലേലം നടത്തുക.
ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് മറ്റ് സഹായങ്ങൾക്ക് ബാങ്കിന്റെ മുകളിൽ പറഞ്ഞ അംഗീകൃത ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകളിൽ രാവിലെ **9:30** മണി മുതൽ വൈകുന്നേരം **4:00** വരെ ഓഫീസ് സമയത്ത് ബന്ധപ്പെടാം.
2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമത്തിലെ റൂൾ 8(6) & 9(1) പ്രകാരം വായ്പക്കാർക്കുള്ള 15/30 ദിവസത്തെ അറിയിപ്പായി ഈ നോട്ടീസ് കണക്കാക്കേണ്ടതാണ്.

സ്ഥലം: ചെന്നൈ
തീയതി: 03.06.2026
ഒപ്, ആക്സിസ് ബാങ്ക് ലിമിറ്റഡിന് വേണ്ടി, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.

OFFICE OF THE RECOVERY OFFICER
DEBTS RECOVERY TRIBUNAL- 2 ERNAKULAM
2nd Floor, K.S.H.B. Building, Panampilly Nagar, Ernakulam - 682036.
DRC No. 60/2023 in O.A No. 18/2016

Canara Bank, Athani SME Branch, Thrissur : Certificate Holder ...Vs...
M/s Lakshmi Krishna Rubber Industries and others : Certificate Debtor

DEMAND NOTICE

To, 1) M/s Lakshmi Krishna Rubber Industries, Door No. VI/341, Vyasagiri PO, Parlikkad, Thrissur District - 680 623. 2) Sajitha. M, W/o Shajil Kumar, Ambalaparambil House, Peringandoor PO, Thrissur District - 680 581. 3) Sivadas C S/o Chandrasekharan, Chandrakantham House, Pudussery PO, Palakkad District - 678 623. 4) Krishnadas K S/o Karunakaran Nair, Vaishnavam House, Verathuparambil, Edakkad PO, Kozhikode District - 673 005.

In view of the Recovery Certificate No. 60/2023 issued in **O.A No. 18/2016** by the Presiding Officer, Debts Recovery Tribunal-2, Ernakulam an amount of **Rs. 83,71,571.15** (Rupees eighty-three lakh seventy-one thousand five hundred seventy-one and Paise fifteen only) as on **19.01.2026** is due against you.

You are hereby called upon to deposit the above sum together with future interest and costs, within 15 days of the publication of the notice, failing which the recovery shall be made as per rules.

In addition to the sum aforesaid you will be liable to pay:
(a) Such interest as is payable for the period commencing immediately after this notice of the execution proceedings.
(b) All costs, charges and expenses incurred in respect of the service of this notice and other process that may be taken for recovering the amount due.

The matter now stands posted before the undersigned at 11.00 a.m. on the 8th day of June, 2026 for further proceeding.

Given under my hand and the seal of this Tribunal on this the 13th day of April, 2026.

Sd/- (Vrinda V) Recovery Officer

വാക് ഇൻ ഇന്റർവ്യൂ

നെന്മാറ: അയിലൂർ ഗ്രാമപഞ്ചായത്തിൽ യോഗ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നു.

യോഗ്യത അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള ബാച്ചിലർ ഓഫ് നാച്ചുറോപതി ആൻഡ് യോഗ (ബി എൻ വൈ എസ്), സർട്ടിഫിക്കറ്റ് ഇൻ യോഗ, ബി.എസ്.സി ഇൻ യോഗ. ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും തിരിച്ചറിയൽ രേഖകളുമായി ജൂൺ പത്തിന് രാവിലെ 10.30ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: 04923244274.

ജ്വാല ഓഫ് എക്സലൻസ് നാളെ

ശ്രീകൃഷ്ണപുരം: കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജ്വാല ഓഫ് എക്സലൻസ് 2026 അനുമോദനവും ആദരായണവും നാളെ രാവിലെ പത്തിന് പഞ്ചായത്ത് ഹാളിൽ മന്ത്രി എൻ.ഷംസുദ്ധീൻ ഉദ്ഘാടനം ചെയ്യും. കെ.പ്രേംകുമാർ എം.എൽ.എ അദ്ധ്യക്ഷനാകും.

ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനം, ഘടക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് യാത്രയയപ്പ്, ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള യൂണിഫോം വിതരണം എന്നിവ പരിപാടിയുടെ ഭാഗമായി നടക്കും.

पंजाब नैशनल बैंक ...भरोसे का प्रतीक ! | punjab national bank ...the name you can BANK upon !

SAM ഡിപ്പാർട്ട്മെന്റ്, സർക്കിൾ ഓഫീസ്, രണ്ടാം നില, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Tel: 0484 2384641/646, Email: coekmsamd@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര [illegible]

[illegible]

ഇ-ലേല തീയതിയും സമയവും: 23-06-2026 രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

[illegible]

തീയതി: 04-06-2026, സ്ഥലം: എറണാകുളം

पंजाब नैशनल बैंक | punjab national bank

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ എറണാകുളം, 0484-2350477, ഇ-മെയിൽ: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 [illegible]

ലേല തീയതിയും സമയവും: 23-06-2026 രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

1. PNB, ARMB, എറണാകുളം [illegible]
2. PNB, ARMB, എറണാകുളം [illegible]

[illegible]

തീയതി: 30.05.2026, 01.06.2026
സ്ഥലം: എറണാകുളം

കേരളസർക്കാർ
Government of Kerala 2025

Regn.No. KERBIL/2012/45073, dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14 Vol.XIV | തിരുവനന്തപുരം, തിങ്കൾ | Thiruvananthapuram, Monday | 2025 നവംബർ 03, 03rd November 2025, 1201 തുലാം 17 | 17th Thulam 1201, 1947 കാർത്തികം 12, 12th Karthika 1947 | നമ്പർ No. 3896

ഫാറം നമ്പർ 7
(ചട്ടം 18(1) കാണുക)
വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

DCPKD/2968/2022-C2 — 2025 നവംബർ 02, പാലക്കാട്

കേരള സർക്കാർ 14-02-2022 തീയതിയിലെ G.O.(Rt) No. 665/2022/RD നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പറളി 2 വില്ലേജിൽ പറളി - ഓടന്നൂർ പാലം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് RFCTLARR ആക്ട് 2013 പ്രകാരം ഉത്തരവാദകയും കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ ലാന്റ് അക്വിസിഷൻ എൽ.എ (കിഫ്ബി) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരുന്നതിനാലും, ഈ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള ആവശ്യം വരുന്ന പക്ഷം പലക്കാട് ജില്ലകളക്ടർ അഡ്മിനിസ്ട്രേറ്ററായി ലാന്റ് അക്വിസിൻ ഡെപ്യൂട്ടികളക്ടറെ നിയമിച്ചിരുന്നതിനാലും, ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ പറളി -2 വില്ലേജുകളിലായി പറളി-ഓടന്നൂർ പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകുവാൻ ഇടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും, ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട് എല്ലാപേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ലെ ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു. എൽ.എ.ആർ ആർ ആക്ട് 2013 പ്രകാരം പൊന്നും വിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള [illegible]

SCHEDULE

ജില്ല: പാലക്കാട് | താലൂക്ക്: പാലക്കാട് | വില്ലേജ്: പറളി-2

ക്രമ നമ്പർ	ബ്ലോക്ക്	സർവേ നമ്പർ	വിവരണം	വിസ്തീർണ്ണം (ഹെക്ടറിൽ)	ഏത് പൊതു ആവശ്യത്തിന്	ബാധിക്കപ്പെടുന്ന കുടുംബങ്ങൾ	കൈവശക്കാരുടെ വിവരങ്ങൾ
1	18	268/6	നിലം	0.0900	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	[illegible]
2	18	67/6	നിലം	0.1020	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	[illegible]
3	18	172/1	നിലം	0.0850	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	[illegible]
4	18	265/7	പുറമ്പോക്ക്	0.0430	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	റോഡ് പുറമ്പോക്ക്
5	18	67/7	പുറമ്പോക്ക്	0.0360	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	റോഡ് പുറമ്പോക്ക്
6	18	68/6	പുറമ്പോക്ക്	0.0160	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	റോഡ് പുറമ്പോക്ക്
7	18	69/5	പുറമ്പോക്ക്	0.0080	പറളി- ഓടന്നൂർ പാലം നിർമ്മാണം	പറളി- ഓടന്നൂർ പാലം നിർമ്മാണം	റോഡ് പുറമ്പോക്ക്
			ആകെ	0.3800			

[illegible]

ജില്ലാ കളക്ടർ, പാലക്കാട്

വാല്യം 15 Vol.XIV | തിരുവനന്തപുരം, തിങ്കൾ | Thiruvananthapuram, Monday | 2026 മേയ് 18, 18th May 2026, 1201 ഇടവം 4 | 4th Idavam 1201, 1948 വൈശാഖം 28, 28th Vaisakha 1948 | നമ്പർ No. 1594

ഫാറം നമ്പർ 7
(ചട്ടം 18(1) കാണുക)
വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം (അനുബന്ധം)

DCPKD/2968/2022-C2 — 14-05-2026, പാലക്കാട്

[illegible]

SCHEDULE

[illegible]

ജില്ലാ കളക്ടർ, പാലക്കാട്